"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ്- കോട്ടയം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ഗിരിജകുമാരി.എസ്. ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.486/2026/LSGD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. ശ്രീമതി. ഗിരിജകുമാരി.എസ്. സമർപ്പിച്ച 23.04.2025 തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2026 തീയതിയിലെ LSGD/PD/33967/2025-DEC1 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ഗിരിജകുമാരി.എസ്. 01.06.2024 മുതൽ 18.12.2024 വരെ (201 ദിവസം) കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം 2 കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.06.2024 മുതൽ 18.12.2024 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൽ ശൂന്യവേതനാവധിയ്ക്കായി ശ്രീമതി. ഗിരിജകുമാരി.എസ്. സമർപ്പിച്ചിട്ടുള്ള അപേക്ഷ 23.04.2025 തീയതിയിലുള്ളതും, അതോടൊപ്പം സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് 18.12.2024 തീയതിയിലേയും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 17.12.2024 തീയതിയിലേയും ആണെന്നും അവധി അനുവദിക്കുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളത് 10.01.2026 ലെ കത്ത് പ്രകാരം മാത്രമാണ് എന്നും കാണുന്നതിനാൽ ഇക്കാര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ യഥാർത്ഥത തെളിയിക്കുവാൻ സാധിക്കാത്തതും രണ്ടാം വൈദ്യപരിശോധനക്കുള്ള അവസരം നഷ്ടപ്പെട്ടിട്ടുള്ളതുമാണ്.

3. മേൽ സാഹചര്യത്തിൽ കോട്ടയം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ഗിരിജകുമാരി.എസ്. ന് 01.06.2024 മുതൽ 18.12.2024 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർഗ്രേഡ്, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് കണക്കാക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി .ഗിരിജകുമാരി.എസ്., സീനിയർ ക്ലാർക്ക്, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 26-02-2026 13:16:52